പുരയിടത്തിൽ എത്തി പരിശോധന നടത്തുകയും വീടിനു പുറത്തുള്ള മോട്ടോർ ഷെഡിൽ നിന്നും അഞ്ച് ലിറ്റർ വീതം കൊള്ളുന്ന രണ്ട് കന്നാസുകളിൽ കാണപ്പെട്ട പത്ത് ലിറ്റർ അനധികൃത സ്പിരിറ്റ് കസ്റ്റഡിയിൽ എടുക്കുകയും ചെയ്തു. പോലീസ് എത്തുമ്പോൾ ശ്രീ. അബ്ദുൾ സലാമിന്റെ വീട് പൂട്ടിയിട്ടിരിക്കുകയായിരുന്നു. ഇക്കാര്യത്തിൽ എസ്.ഐ. വാദിയായി അബ്കാരി ആക്ട് 55 (എ) വകുപ്പുപ്രകാരം ക്രൈം 99/2010 ആയി ആലുവ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ഒരു കേസ്സ് രജിസ്റ്റർ ചെയ്തിരുന്നു. ഈ കേസ്സിന്റെ അന്വേഷണം ആലുവ വെസ്റ്റ് പോലീസാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ബഹു മാനപ്പെട്ട അംഗം വിശദീകരിച്ചതുപോലെയുള്ള സംഭവ വികാസങ്ങൾ അവിടെ ഉണ്ടായതായിട്ടാണ് റിപ്പോർട്ട് ലഭിച്ചിരിക്കുന്നത്. സ്പിരിറ്റ് കേസുമായി ബന്ധപ്പെട്ട ആളുകളെ ഇതിന്റെ ഭാഗമായി നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ആരാണ് വിവരം നൽകിയെന്നുള്ളതു സംബന്ധിച്ചും അന്വേഷണം നടത്തിവരുന്നു. ഇരുപത്തിയഞ്ചോളം ആളുകളെ ഇതിന്റെ ഭാഗമായി ചോദ്യം ചെയ്തിട്ടുണ്ട്. ശ്രീ. അബ്ദുൾ സലാമിനെ വിളിപ്പിച്ച് അദ്ദേഹത്തിന്റെ മൊഴിയും എടുത്തിട്ടുണ്ട്. പ്രതികളെ കണ്ടെത്തുന്നതിനുവേണ്ടി അന്വേഷണം നടത്തിവരികയാണ്. ബഹു മാനപ്പെട്ട അംഗം റിപ്പോർട്ട് ചെയ്ത പ്രശ്നത്തെ സംബന്ധിച്ച് കൂടുതൽ ഗൗര വമായി അന്വേഷിക്കുന്നതിനുവേണ്ടി ഡിവൈ.എസ്.പിയെ.ഈ കേസ്സിന്റെ അന്വേഷണ ചുമതല ഏൽപ്പിക്കുന്നതാണ്. മുകളിൽ നിന്നുള്ള ഇടപെടൽ അംഗീകരിക്കാതെ സ്വതന്ത്രമായി അന്വേഷണം നടത്താൻ വേണ്ട നിർദ്ദേശം നൽകുന്നതാണ്.

(7) വഴിക്കടവിലെ താമസക്കാർക്ക് പട്ടയം

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ റവന്യൂ മന്ത്രിയായി ചാർജ്ജ് എടുത്ത നാൾ മുതൽ ഞാൻ ഒരു നീതിപൂർവ്വമായ കാര്യത്തിനുവേണ്ടി നടക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽ മൂന്ന് മലകളാണുള്ളത്. കുരിശുമല ക്രിസ്ത്യനികൾക്ക് പതിച്ചു കൊടുത്ത സ്ഥലമാണ്. തങ്കൾപാറ ഏന്തിയാറിലെ മുസ്ലീം പള്ളിക്ക് പതിച്ചു കൊടുത്തതാണ്. ഇത് രണ്ടും തീർത്ഥാടന കേന്ദ്രങ്ങളാണ്. പിന്നീടുള്ളത് മുരുകൻ മലയാണ്. അത് ഹൈന്ദവ സമൂഹത്തിന് പതിച്ചുകൊടുക്കണം. മീനച്ചിൽ താലൂക്കിലെ ഈ സ്ഥലം എസ്എൻഡിപി-ക്ക് പതിച്ചുകൊടുക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ കൊടുത്തിട്ട് പതിച്ചുകൊടുക്കാമെന്ന് മന്ത്രി നൂറുപ്രാവശ്യം പറഞ്ഞിട്ടും ഇതുവരെയും പതിച്ചുകൊടുത്തിട്ടില്ല., മുരുകൻ മലയുടെ പ്രദേശത്ത് 50-ൽ കൂടുതൽ വർഷങ്ങളായി 124 പാവപ്പെട്ട കുടുംബങ്ങൾ താമസിച്ചുകൊണ്ടിരിക്കുകയാണ്. അവർക്ക് കൂടി പട്ടയം കൊടുക്കണം. അതിന്റെ ഫയലുകളെല്ലാം മന്ത്രിയുടേയും റവന്യൂ ഡിപ്പാർട്ടുമെന്റിന്റേയും ഓഫീസിൽ എത്തിയിട്ടുണ്ട്, ഇതുവരെയും കൊടുത്തിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് ഇത്രയും തടസ്സമെന്ന് മനസ്സിലാകുന്നില്ല. എനിക്ക് സങ്കടമുണ്ട്. കാരണം കൊല്ലത്ത് എസ്.എൻ.ഡി.പി. ഹെഡ് ക്വാർട്ടേഴ്സ് ആഫീസ് ഇരിക്കുന്ന സ്ഥലത്തിന് 15 കൊല്ലം മുമ്പ് പട്ടയത്തിന് ഗവൺമെന്റ് ഉത്തരവ് ഇറങ്ങിയിട്ടും ഇതുവരെയും പട്ടയം കിട്ടിയിട്ടില്ല എന്നാണ് ഞാൻ അന്വേഷിച്ചപ്പോൾ അറിയാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞത്. എന്താണ് പറ്റിയതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അതുകൊണ്ട് മുരുകൻമലയ്ക്ക് നിർബന്ധമായി ഉടൻ തന്നെ പട്ടയം കൊടുക്കണം. അവിടെ താമസിക്കുന്ന 24 കുടുംബങ്ങൾക്കും പട്ടയം കൊടുക്കുവാനുള്ള നടപടി സ്വീകരിക്കണം. ഡേറ്റ് ഇപ്പോൾ തന്നെ പ്രഖ്യാപിക്കണം. അതാണ് എന്റെ ആവശ്യം. അങ്ങയിൽ നിന്നും നീതിപൂർവ്വമായ ഒരു സമീപനം ഞാൻ പ്രതീക്ഷിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, മീനച്ചിൽ താലൂക്കിൽ തീക്കോയി വില്ലേജിൽ മുരുകൻ മല സ്ഥിതിചെയ്യുന്ന ഏകദേശം 25 ഏക്കർ ഭൂമിയാണ് എസ്.എൻ.ഡി.പി. യൂണിയൻ കൈവശം വച്ചുവരുന്നത്. ടി സ്ഥലത്ത് മൂന്ന് ഹെക്ടർ സ്ഥലമെങ്കിലും പതിച്ചുനൽകണമെന്ന അപേക്ഷപ്രകാരം സർവ്വേ ചെയ്തതിൽ ഈ സ്ഥലം ചെങ്കുത്തായതും പാറക്കെട്ടുകൾ നിറഞ്ഞതുമായതിനാൽ 2.83 ഹെക്ടർ സ്ഥലം സർവ്വേ ചെയ്ത് പ്ലാൻ തയ്യാറാക്കി റിവൈസ് ചെയ്ത അപേക്ഷ ഗവൺമെന്റിലേയ്ക്ക് കിട്ടിയിട്ടുണ്ട്. ഇതിന്മേലുള്ള നടപടികൾ ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. ഞാൻ മുമ്പ് ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. കാരണം അത് പ്രത്യേകമായി സംരക്ഷിക്കേണ്ട ഒരു സ്ഥലമാണ്. ഒട്ടേറെ ഭക്തജനങ്ങൾ എത്തിച്ചേരുന്ന സ്ഥലമാണ്. അതി നോട് താല്പര്യപൂർവ്വമുള്ള ഒരു സമീപനം മാത്രമേ ഈ ഗവൺമെന്റ് എടുത്തിട്ടുള്ളൂ. ശ്രീ. പി. സി. ജോർജ് ഉണ്ടാമതായി പറഞ്ഞത് പുഞ്ചാർ നെടുംഭാഗം വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിൽപ്പെട്ട മിച്ചഭൂമിയിൽ താമസിക്കുന്ന ചില കുടുംബങ്ങളെപ്പറ്റിയാണ്. മിച്ചഭൂമിയിൽ നേരത്തെ മുതൽ അവർ താമസിക്കുന്നതാണ്. മിച്ചഭൂമി നിയമാനുസൃതമായി പതിച്ചുകൊടുക്കുവാനുള്ള നടപടി ചട്ടങ്ങളുണ്ട്. പക്ഷേ ഇത് നേരത്തെ മുതൽ അവിടെ താമസിച്ചുവരുന്നവരാണ്, എല്ലാ പരിശോധനയും നടത്തി അവർക്ക് അർഹതയുള്ളതാണ്; സ്വാഭാവികമായിട്ടും അവരെ സംരക്ഷിക്കണമെന്നുള്ള നിലപാടാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. പക്ഷേ കുറേ കുടുംബങ്ങളുടെ കയ്യിൽ വീടും ദേഹണ്ഡവുമായി അനുവദിച്ചുകൊടുക്കാവുന്നതിൽ കൂടുതൽ ഭൂമി ഉണ്ട്. അവരുടെ കൈകളിൽ കൂടുതലുള്ള ഭൂമി ഗവൺമെന്റിന് തിരിച്ചെടുക്കാവുന്നതാണ് എന്നൊരു നിർദ്ദേശം ശ്രീ. പി. സി. ജോർജ് തന്നെ പറഞ്ഞു. പക്ഷേ, നമ്മുടെ അനുഭവം വച്ച് പറയുകയാണ്, വർഷങ്ങളായി അവിടെ താമസിക്കുന്നവരുടെ കയ്യിലുള്ള ഭൂമി തിരിച്ചെടുക്കുവാൻ പോകുമ്പോൾ ചില പ്രായോഗിക പ്രശ്നങ്ങളുണ്ട്. അപ്പോൾ ചർച്ചയിലൂടെ അതിനൊരു പരിഹാരം കണ്ടു നിയമത്തിനുള്ളിൽ നിന്നുകൊണ്ട് അവരുടെ പൊസെഷനിൽ കൊടുക്കാവുന്നത് കൊടുക്കണം. അതിനായി ഇപ്പോൾ ഒരു ഡേറ്റ് വച്ചിട്ടുണ്ട്. ഞങ്ങൾ അത് ആലോചിച്ച് കോട്ടയത്തെ മറ്റു ചില പരിപാടികളും കൂടി ബന്ധപ്പെടുത്തി പട്ടയമേളയ്ക്ക് വേറൊരു ഡേറ്റ് തീരുമാനിച്ചിട്ടുണ്ട്. ശ്രീ. പി. സി. ജോർജ് ഇവിടെ ഉന്നയിച്ച കാര്യങ്ങൾ തീർച്ചയായും അനുഭാവ പൂർവ്വം പരിഗണിക്കും. പക്ഷേ അദ്ദേഹം എന്നെ ശപിക്കുകയുണ്ടായി. അത് ആവശ്യമില്ലായിരുന്നു. അദ്ദേഹം എന്റെ ഏറ്റവും അടുത്ത സ്നേഹിതനാണ്.

ശ്രീ. പി. സി. ജോർജ്: ഞാൻ അത് പിൻവലിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly